DESPATCHED
On.23/01/22.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 423(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.9315/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 18.12.2021**

**ശ്രീമതി സുലഭ വി.എസ്.**
**ശിവശക്തി പത്രമേലെ,**
**പെരിങ്ങമ്മല, കല്ലിയൂർ പി.ഒ**
**തിരുവനന്തപുരം.** } **പരാതി ഹർജിക്കാരി**

**Vs.**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ജനറൽ ഹോസ്പിറ്റൽ,**
**തിരുവനന്തപുരം.** } **എതിർകക്ഷി**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 11/05/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 13/08/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 16/08/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 17/09/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 17/12/2021<br>കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരി<br>എസ്.പി.ഐ.ഒ | <br>ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി സുലഭ വി.എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി നാളിതുവരെ മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിനാൽ എതിർകക്ഷിക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരി എതിർകക്ഷി മുമ്പാകെ 11.05.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) I.P. No. 6184, Unit 56, date 18.04.2015, discharge -21.04.2015 ആയ പ്രസാദ് ലാൽ എന്ന വ്യക്തി സാരമായ പരിക്ക് ഉള്ളതുകൊണ്ടാണ് അവിടെ വന്നതെന്നും ആശുപത്രിയിലെ ഒ.പി. ഡോക്ടറും മെയിൻ ഡോക്ടറും കൂടി പരിശോധിച്ച് ഉടനെ അശുപത്രിയിൽ അഡ്മിറ്റാക്കി എന്നാണ് പ്രസാദ് ലാൽ പറയുന്നതെന്നും ആയത് ശരിയാണോ എന്ന് രേഖാമൂലം നൽകണമെന്നും

2) അന്നേ ദിവസം 4.49 മണിക്ക് പോലീസ് ആശുപത്രിയിൽ മൊഴി എടുക്കുവാൻ വന്നു എന്നത് ശരിയാണോ എന്ന് രേഖാമൂലം നൽകുന്നതിനും

3) 4 ദിവസം പരുക്ക് ഉള്ളതുകൊണ്ടാണോ ടി വ്യക്തിയെ ആശുപത്രിയിൽ കിടത്തി പരിരക്ഷിച്ചതെന്ന് രേഖാമൂലം നൽകണമെന്നും എന്നു തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. പരാതി ഹർജിക്കാരിയുടെ 11.05.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല.

4. എതിർകക്ഷി 17.09.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, പരാതിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് 16.09.2021 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാൾ മറ്റൊരു വ്യക്തിയുടെ ചികിത്സാവിവരങ്ങളാണ് ആവശ്യപ്പെട്ടതെന്നും ചികിത്സാ വിവരങ്ങൾ രഹസ്യ സ്വഭാവമുള്ളതിനാലാണ് വിവരം നൽകുവാൻ കഴിയാഞ്ഞത് എന്നും ടി വിവരം പരാതിക്കാരിയെ അറിയിച്ചിരുന്നുവെന്നും തിരുവനന്തപുരം ജനറൽ ആശുപത്രി കഴിഞ്ഞ 2 വർഷമായി കോവിഡ് പ്രതിരോധ ചികിത്സാ കേന്ദ്രമായി പൂർണ്ണമായും പ്രവർത്തിച്ചു വരികയാണെന്നും വിവരാവകാശ

സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലർക്ക് കോവിഡ് ബാധിതനായി ചികിത്സയിൽ കഴിഞ്ഞിരുന്ന സാഹചര്യത്തിലാണ് യഥാസമയം അപേക്ഷകർക്ക് മറുപടി നൽകുന്നതിൽ മനപൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചതെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാതി ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി സമയബന്ധിത മായി മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല. 17.12.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ എതിർകക്ഷി ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. പരാതി ഹർജിക്കാരി ഹിയറിംഗിൽ പങ്കെടുക്കുകയോ, പങ്കെടുക്കാതിരുന്നതി നുള്ള കാരണമോ അറിയിച്ചിരുന്നതുമില്ല. വിവരാവകാശ അപേക്ഷയ്ക്ക് മറു പടി ലഭ്യമാകാതിരിക്കുകയോ ലഭ്യമായ മറുപടി തൃപ്തികരം അല്ലെങ്കിലോ പരാതി ഹർജിക്കാരിയ്ക്ക് ആയതിന് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ ടിയാൾ നേരിട്ട് സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പരാതി സമർപ്പിക്കുകയാണ് ചെയ്തിരി ക്കുന്നത്. പരാതി ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് കമ്മീഷനിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ലഭ്യമായതിന് ശേഷം മറുപടി നൽകിയെന്നാണ് എതിർകക്ഷിയുടെ മൊഴിയിലും ടിയാന്റെ 17.09.2021 ലെ റിപ്പോർട്ടിലും പറയുന്നത്. വിവരാവകാശ പ്രകാരമുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകാതിരുന്ന എതിർകക്ഷിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത് ഗുരുതരമായ വീഴ്ചയായി കമ്മീഷൻ കാണുന്നു. ടി എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും കുറ്റകരവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ എതിർക ക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പി ക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധി പ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ

മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്. പരാതിക്കാരിയുടെ അപേക്ഷയിൽ ടിയാളുടെ വിവരങ്ങൾ ആവശ്യപ്പെട്ടതിൽ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും മറ്റൊരാളുടെ വ്യക്തിപരമായ വിവരങ്ങൾ ആയതിനാലാണ് ശ്രീ. പ്രസാദ് ലാൽ എന്നയാളുടെ വിവരങ്ങൾ നൽകാതിരുന്നതെന്നുമാണ് എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. പരാതി ഹർജിക്കാരിയുടെ wound certificate ആവശ്യപ്പെട്ടത് നൽകിയിട്ടുള്ളതായി കാണുന്നു. മറ്റൊരാളുടെ ചികിത്സാ വിവരങ്ങൾ രഹസ്യ സ്വഭാവമുള്ളതാണ് എന്ന എതിർകക്ഷിയുടെ മറുപടിയിലും മൊഴിയിലും രേഖപ്പെടുത്തിയത് വസ്തുതാപരമായതിനാൽ എതിർകക്ഷിയുടെ മറുപടിയിലെ ടി പരാമർശത്തിൽ കമ്മീഷൻ തെറ്റു കാണുന്നില്ല.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 18-ാം തീയതി താൽക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm